സംസ്ഥാനത്തൊട്ടാകെ 15,000 ത്തോളം സ്കൂളുകളാണുള്ളത് ആയതിനാൽ പൊതുവെയുള്ള ഗതാഗത നിയന്ത്രണത്തിന് ഉതകുംവിധത്തിൽ സ്പീഡ് നിയന്ത്രണത്തിനും മറ്റു ഗതാഗത നിയന്ത്രണങ്ങൾക്കും നടപടി എടുത്തു വരുന്നു. കൂടാതെ ഗതാഗത നിയമ ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിന് ക്യാമറകൾ അടക്കമുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കിവരുന്നു. ഗതാഗത വകുപ്പിന്റെ നിയന്ത്രണത്തിൽ സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് പരിശീലനവും നൽകിയിട്ടുണ്ട്.

ടിപ്പർ ലോറികളുടെ അമിത വേഗതമൂലം ഉണ്ടാകുന്ന റോഡപകടങ്ങൾ

103 (2202) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടിപ്പർ ലോറികളുടെ അമിത വേഗതയും അശ്രദ്ധയുംമൂലം ഉണ്ടാകുന്ന റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നതായ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വർഷം ഇതുവരെ സംസ്ഥാനത്ത് ടിപ്പർ ലോറികൾ വരുത്തിയ അപകടംമൂലം എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) ഇത്തരത്തിൽ യാതൊരു നിയന്ത്രണവും ഇല്ലാതെയുള്ള ടിപ്പർ ലോറികളുടെ അമിത വേഗതയും അശ്രദ്ധയോടെയുള്ള ഡ്രൈവിംഗും നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സർക്കാരിന്റെ 13-1-2006-ലെ ജി.ഒ. (പി) നമ്പർ 5/06/ട്രാൻ എന്ന ഉത്തരവ് അനുസരിച്ച് എല്ലാ ടിപ്പർ ലോറികളിലും സ്പീഡ് ഗവർണർ ഘടിപ്പിച്ചിരിക്കണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ടിപ്പർ ലോറികളിൽ സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചിട്ടുണ്ടെന്നും അത് കൃത്യമായി പ്രവർത്തിപ്പിക്കുന്നുണ്ടെന്നും വാഹന രജിസ്ട്രേഷൻ സമയത്തും വർഷാ വർഷം വാഹനങ്ങൾ സി.എഫ്. ടെസ്റ്റിന് ഹാജരാക്കുമ്പോഴും അതിലുപരി വാഹനപരിശോധന നടത്തുന്ന സമയത്തും ഉറപ്പുവരുത്താറുണ്ട്. എന്നാൽ അടുത്ത കാലത്ത് ടിപ്പർ ലോറികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ കൂടി വരുന്നത് കണക്കിലെടുത്ത് ടിപ്പർ ലോറികളെ നിയന്ത്രിക്കുന്നതിനായി 20-12-2010ൽ സർക്കുലർ നമ്പർ 15/2010 പ്രകാരവും 22-12-2010ൽ സി2/25581/ റ്റി.സി./2010 എന്ന കത്ത് പ്രകാരവും എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. മാർക്കും ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly